പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1724 07.03.2018 ൽ മറുപടിക്ക്

## മലബാർമേഖലയിൽ ഒരു സി.ജി.എച്ച്.എസ് ഡിസ്പെൻസറി

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ ജീവനക്കാർക്കും, വിരമിച്ചവർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ നിരക്കിൽ ചികിത്സ ലഭിക്കുന്ന സി.ജി.എച്ച്.എസ് (കേന്ദ്ര ഗവ.ഹെൽത്ത് scheme) ഡിസ്പെൻസറികൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ജീവനക്കാർക്കും, വിരമിച്ചവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ നിരക്കിൽ ചികിത്സ ലഭിക്കുന്ന സി.ജി.എച്ച്.എസ് ഡിസ്പെൻസറികൾ നിലവിൽ തിരുവനന്തപുരത്തു മാത്രമാണ് പ്രവർത്തിക്കുന്നത്. |
| (ബി) | മലബാർ പ്രദേശങ്ങളിലെ ജീവനക്കാർ, അവർക്ക് അർഹതപ്പെട്ട ചികിത്സക്കായി തിരുവനന്തപുരം വരെ യാത്ര ചെയ്യേണ്ടി വരുന്നത് മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>&<br>(സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നിരവധി നിവേദനങ്ങൾ സർക്കാരിനു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ മലബാർ മേഖലയിൽ ഒരു സി.ജി.എച്ച്.എസ് ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ